ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾ വകമാറ്റി ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല.

പട്ടികവർഗ്ഗക്കാർക്ക് ബഡ്ജറ്റ് വിഹിതമായി നീക്കിവയ്ക്കുന്ന തുകകൊണ്ട് അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ മാത്രമാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി ചെലവഴിക്കുന്നുണ്ട്. എന്നാൽ സാങ്കേതിക കാരണം മൂലം ചില പദ്ധതികൾക്ക് അനുവദിക്കുന്ന തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക ലാപ്സാകാതെ ചെലവ് പ്രതീക്ഷിക്കുന്ന മറ്റ് പദ്ധതികൾക്ക് ധനപുനർക്രമീകരണത്തിലൂടെ തുക കണ്ടെത്തുന്ന സ്ഥിതിവിശേഷം വകുപ്പിൽ ഉണ്ടാകാറുണ്ട്.

## പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

9 (*39) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; പ്രസ്തുത മേഖല നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അറിയാമോ ;

(ബി) പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലുള്ളവരുടെ നിലവിലെ ജീവിതാവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഈ സർക്കാരിന്റെ കാലത്ത് പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആക്ഷേപം ശരിയല്ല. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കിവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിവുള്ളവരും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കയർ മേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർമേഖലയിലെ കുറഞ്ഞകൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും



LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയർമേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം എന്നിവയും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യവികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല തൊഴിലാളികളുടെ സംരംഭകത്വ സഹായ പദ്ധതിയായ 'ആശ' പദ്ധതിയ്ക്ക് നടപ്പു സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത് വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി

LIBRARY ARCHIVES Kerala Legislative Assembly

തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം റിബേറ്റും ഉത്സവകാലങ്ങളിൽ 10 ശതമാനം അധിക റിബേറ്റും നൽകിവരുന്നു. ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. പരമ്പരാഗത വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലൂടെ ഉയർന്ന വേതനം ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും വേതനം വർദ്ധിക്കുകയും ചെയ്യുന്നു.

കശുവണ്ടി വ്യവസായ മേഖലയിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും തൊഴിലാളികളുടെ ജീവിത നിലവാരമുയർത്തുന്നതിലേയ്ക്കായി പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ വ്യവസായ ബന്ധസമിതി തീരുമാനിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നു. തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ പണിയെടുക്കുന്ന വിദഗ്ദ്ധരായ തൊഴിലാളികളെ ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വാർഷിക പ്രീമിയത്തിന്റെ ഒരു വിഹിതം വഹിക്കുന്നത് സർക്കാരാണ്. ഈ മേഖലയിലെ പ്രായമായ വിദഗ്ദ്ധ തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നു. ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റേയും സംസ്ഥാന സർക്കാരിന്റേയും ആഭിമുഖ്യത്തിൽ കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വായ്പ അനുവദിച്ചുവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖാന്തരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഈറ്റവെട്ട്/കയറ്റിറക്ക്/യന്ത്രവത്കൃത പനമ്പു ,നെയ്ത്ത് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് കോർപ്പറേഷൻ കാലാകാലങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോർപ്പറേഷൻ നേരിട്ട് നൽകുന്ന വിദ്യാഭ്യാസം, മെഡിക്കൽ, മരണാനന്തര സഹായം എന്നീ ക്ഷേമാശ്വാസങ്ങൾക്ക് പുറമേ ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു.

കയറും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം നൽകിവരുന്നു. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നു. ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകി വരുന്നു. കയർ വിലയിലുള്ള വ്യതിയാനം പരിഹരിക്കുന്നതിനായി ഫണ്ട് നൽകിവരുന്നു. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പാക്കിവരുന്നു. കയർ സഹകരണ/സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുകയും ചെയ്യുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

### ജനനി ജന്മരക്ഷാ പദ്ധതി

10(*40) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനനി ജന്മരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; അവ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly